**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3118** **13-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ടൂറിസം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | മഞ്ചേരി ചെരണി ടൂറിസം ഉദ്യാൻ എന്ന പദ്ധതിയ്ക്ക് 26.1.2013 ലെ സ.ഉ(സാധാ)നം. 8661/13/TSM ഉത്തരവുപ്രകാരം 2,48,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ ഒന്നാംഘട്ടം പുരോഗമിച്ചു വരുകയും ചെയ്യുന്നു. ടി പദ്ധതിയുടെ രണ്ടാംഘട്ടത്തനാവശ്യമായ ഭൂമി ലഭ്യമാവുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>21.12.2021 ലെ ടൂറിസം ഡയറക്ടറുടെ പി2-429/2016 ഉത്തരവ് പ്രകാരം ഡെവലപ്മെന്റ് ഓഫ് പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് ഇൻ പുന്നപ്പാല ടെമ്പിൾ പദ്ധതിയ്ക്ക് ടൂറിസം ഡയറക്ടർ 6,70,000/- രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതിയുടെ പി.എം.സി യെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മഞ്ചേരി-നിലമ്പൂർ റോഡിൽ ചെരണിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ഥലം ടൂറിസം വകുപ്പ് ഏറ്റെടുത്ത് പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (സി) | ടൂറിസം വകുപ്പിന് കീഴിലുള്ള പൂന്താനം സ്മാരക കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പൂന്താനം സ്മാരക കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ